മുദ്രകൾ

# ഒറ്റുകാരന്റെ റോളിൽ വീണ്ടും അബ്ബാസ്

**യാസിർ** അറഫാത്തിനെ കൊന്നതാര്? 2004 നവംബർ 11-ന് ഒരു ഫ്രഞ്ച് ആശുപത്രിയിൽ മരണപ്പെട്ട അറഫാത്തിന്റെ അന്ത്യത്തെക്കുറിച്ച് അന്നേ ചില സംശയങ്ങൾ ഉയർന്നിരുന്നു. അതുകൊണ്ടാവണം ശഹീദ് (രക്തസാക്ഷി) എന്ന വിശേഷണം അറഫാത്തിന് നൽകപ്പെട്ടു പോരുന്നത്. ചില പാശ്ചാത്യ രാഷ്ട്രങ്ങളും അറഫാത്തിന്റെ ചില അടുത്തയാളുകളും ചേർന്ന് ഗൂഢാലോചന നടത്തി എന്നാണ് ആരോപിക്കപ്പെട്ടിരുന്നത്. വേണ്ടത്ര തെളിവുകൾ ഹാജരാക്കാനാവാത്തതിനാൽ വിവാദം ഉടനെ കെട്ടടങ്ങുകയും ചെയ്തു.

എന്നാൽ *ഫത്ഹി*ലെ തന്നെ ഏറ്റവും സമുന്നതനായ രണ്ടാം നേതാവായി ഗണിക്കപ്പെടുന്ന ഫാറൂഖ് ഖദൂമി ഈയിടെ പുറത്തുവിട്ട രേഖ സകലരെയും നടുക്കിക്കളഞ്ഞു. ഇപ്പോഴത്തെ ഫലസ്തീൻ പ്രസിഡന്റ് മഹ്മൂദ് അബ്ബാസ്, അയാളുടെ വലംകൈയായ ദഹ്‌ലാൻ, അന്നത്തെ ഇസ്രയേൽ പ്രധാനമന്ത്രി ഷാരോൺ, അമേരിക്കൻ സ്റ്റേറ്റ് അണ്ടർ സെക്രട്ടറി വില്യം ബേൺസ് എന്നിവർ ചേർന്നാണ് അറഫാത്തിനെ കൊല്ലാൻ ഗൂഢാലോചന നടത്തിയതെന്ന് ഖദൂമി തുറന്നടിച്ചു. 2004-ൽ നടന്ന ആ രഹസ്യയോഗത്തിന്റെ മിനുട്സും ഖദൂമി ഹാജരാക്കി.

2009 ജൂലൈ 12-ന് ജോർദാൻ തലസ്ഥാനമായ അമ്മാനിൽ ഒരു പത്രസമ്മേളനത്തിൽ വെച്ചാണ് ഖദൂമി ഒരു വൻ ഗൂഢാലോചനയുടെ ചുരുളഴിച്ചത്. രഹസ്യയോഗത്തിന്റെ മിനുട്സ് തനിക്ക് കൈമാറിയത് അറഫാത്ത് തന്നെയാണെന്നും അദ്ദേഹം വെളിപ്പെടുത്തി. അറഫാത്തിനോടൊപ്പം കൊല്ലപ്പെടേണ്ട നേതാക്കളുടെ ഒരു ലിസ്റ്റും തയാറാക്കിയിരുന്നു. അതിൽ പലരും



▪ ഫാറൂഖ് ഖദൂമി

അഞ്ചു വർഷത്തിനിടയിൽ കൊല്ലപ്പെട്ടു. ഇസ്രയേലീ മിസൈലിനും ബോംബിനും ലക്ഷ്യം തെറ്റിയതുകൊണ്ടു മാത്രം അവരിൽ ചിലർ ഇപ്പോഴും ജീവിച്ചിരിക്കുന്നു.

ഖദൂമിയുടെ സമനില തകരാറിലായി എന്നാണ് അബ്ബാസിനോട് ഒട്ടിനിൽക്കുന്ന ചില ഫതഹ് നേതാക്കൾ വെളിപ്പെടുത്തലിനോട് പ്രതികരിച്ചത്. ഖദൂമി പുറത്തുവിട്ട രേഖയുടെ ആധികാരികതയും അവർ ചോദ്യം ചെയ്യുന്നു. ഒരു സ്വതന്ത്ര ഏജൻസി ഇതിന്റെ ആധികാരികത അന്വേഷിച്ച് സ്ഥാപിക്കുകയോ നിരാകരിക്കുകയോ ചെയ്യുംവരെ അബ്ബാസിനും കൂട്ടർക്കും പിടിച്ചുനിൽക്കാൻ കഴിഞ്ഞെന്നുവരും. പക്ഷേ, ഗസ്സയിലെ ഹമാസ് ഗവൺമെന്റിനെ അട്ടിമറിക്കാനും അതിന്റെ നേതാക്കളെ വധിക്കാനും ഇസ്രയേലിനെ കൂട്ടുപിടിച്ച അബ്ബാസ് സ്വന്തം നേതാവിനോട് കൊലച്ചതി ചെയ്യില്ലെന്ന് മിക്ക ഫലസ്തീനികളും വിശ്വസിക്കുന്നില്ല. ഫതഹ് നേതൃത്വം അത്രയേറെ ജീർണിച്ചിരിക്കുന്നു. ■

# പന്നിപ്പനിക്ക് പ്രതിരോധ വാക്സിനുകളില്ല

**ആഗോള** തലത്തിൽ പടർന്നു പിടിക്കുന്ന രോഗമായി (Pandemic) ഈയിടെ ലോകാരോഗ്യസംഘടന (WHO) പ്രഖ്യാപിച്ച പന്നിപ്പനി ഇൻഫ്ളുവൻസ A, H1 N1 വൈറസ് അഥവാ SOIV (Swine Origin Infulenza Virus) മൂലമാണ് ഉണ്ടാകുന്നത്. പേരു സൂചിപ്പിക്കുന്നതുപോലെ ഈ രോഗം പന്നിയുമായി ബന്ധപ്പെട്ടതാണ്.

അമേരിക്കയിൽ പന്നിപ്പനി മനുഷ്യരിൽ ആദ്യമായി കാണപ്പെട്ടത് 2009 ഏപ്രിൽ 15-നാണ്. മെക്സിക്കോ, കാനഡ മുതലായ രാജ്യങ്ങൾക്കൊപ്പം കേരളത്തിലും ഈ രോഗം എത്തിക്കഴിഞ്ഞു. പനി, ചുമ, തൊണ്ടവേദന, വയറിളക്കം, ഛർദ്ദി എന്നിവയാണ് പന്നിപ്പനിയുടെ ലക്ഷണങ്ങൾ. മിക്കപ്പോഴും സ്വതവേ ശമിക്കുന്ന ഈ രോഗം അപൂർവമായി മാരകമാകാറുണ്ട്. 1931 മുതൽ തന്നെ പന്നികൾക്ക് H1 N1 ഇൻഫ്ളുവൻസ വൈറസുകൾ മൂലം ശ്വാസകോശ രോഗങ്ങൾ ഉണ്ടാവുന്നതായി കണ്ടിട്ടുണ്ട്. മനുഷ്യരിൽ പന്നികളുമായി അടുത്ത സമ്പർക്കം ഉള്ളവർക്കാണ് ഈ രോഗം ഉണ്ടാവാൻ സാധ്യത കൂടുതൽ.

മനുഷ്യരിൽനിന്ന് ഈ രോഗം വായുമാർഗം മറ്റുള്ളവരിലേക്ക് പകരുന്നു. രോഗലക്ഷണങ്ങൾ തുടങ്ങുന്നതിനു ഒരു ദിവസം മുമ്പുമുതൽ ലക്ഷണങ്ങൾ കണ്ടുതുടങ്ങി ഒരാഴ്ചവരെ ഈ രോഗം പകരാൻ സാധ്യതയുണ്ട്. ഭയാനകമായ മറ്റൊരുവശം, രോഗനിർണയം നടത്തിയവരേക്കാൾ എത്രയോ മടങ്ങ് ആളുകൾ ഈ രോഗം ബാധിച്ച് മറ്റുള്ളവരുടെ ശ്രദ്ധയിൽപെടാതെ രോഗം പരത്തുന്നുണ്ടാവും! പന്നിപ്പനിക്കു പ്രതിരോധ വാക്സിനുകളില്ല. പരിശുദ്ധ ഖുർആൻ നിരോധിച്ച പന്നിമാംസം (2:173; 16:115) മനുഷ്യൻ ഉപേക്ഷിക്കുകയാണ് ഉത്തമം.

അവലംബം: (*New England Journal of Medicine* June 18, 2009) ■


**ഡോ. എം ഹനീഫ് വണ്ണപ്പുറം**

മുദ്രകൾ

# സിൻജിയാംഗിലേത് രണ്ട് സംസ്കാരങ്ങൾ തമ്മിലുള്ള സംഘട്ടനം

ഒരു സമൂഹത്തിന്റെ ചരിത്രത്തെയും സാംസ്കാരിക സ്വത്വത്തെയും പോരാട്ടവീര്യത്തെയും തകർക്കാൻ ചൈനീസ് ഏകാധിപതികൾ നടത്തിയ/ നടത്തുന്ന അടിച്ചമർത്തലുകളുടെ കഥ പറയുകയാണ് 'കിഴക്കൻ തുർക്കിസ്താനും ചൈനയും' (തുർക്കിസ്താനുശ്ശർഖിയ്യ വ സ്സ്വീൻ) എന്ന അറബി പുസ്തകം. 2009-ലാണ് ഇത് പ്രസിദ്ധീകരിച്ചത്. ഏറ്റവുമൊടുവിലത്തെ സംഭവവികാസങ്ങൾ ഉൾപ്പെടുത്താനായില്ലെങ്കിലും, സമീപകാല ചരിത്രം വരെ പുസ്തകത്തിൽ പരാമർശിക്കപ്പെടുന്നുണ്ട്. വിവിധ ഘട്ടങ്ങളിലുണ്ടായ ചൈനീസ് അധിനിവേശമാണ് മുഖ്യപ്രതിപാദ്യം. തുർക്കിസ്താനികളുടെ (ഉയിഗൂർ മുസ്‌ലിംകളുടെ) മതം, വിദ്യാഭ്യാസ സമ്പ്രദായങ്ങൾ, ഭാഷ എന്നിവ നേരിടുന്ന ഉന്മൂലന ഭീഷണിയും അനാവരണം ചെയ്യപ്പെടുന്നു. ചൈനീസ് കമ്യൂണിസ്റ്റ് ഗവൺമെന്റ് സിൻജിയാംഗ് എന്ന് പേരു മാറ്റിയതിനു ശേഷം മേഖലയിൽ നടമാടുന്ന ഭരണകൂട ഭീകരതയും പുറത്തുകൊണ്ടുവരുന്നു.

1760-ൽ മഞ്ചു രാജവംശമാണ് കിഴക്കൻ തുർക്കിസ്താൻ ആദ്യം വെട്ടിപ്പിടിച്ചത്. ഇതിനെതിരെ യഅ്ഖൂബ് ബെകിന്റെ നേതൃത്വത്തിൽ തുർക്കിസ്താനികൾ നടത്തിയ പ്രക്ഷോഭം വിജയം കണ്ടു. തുർക്കിസ്താൻ സ്വതന്ത്രമാവുകയും പോരാളികൾ സ്ഥാപിച്ച ഭരണകൂടം 1863 മുതൽ 1876 വരെ നിലനിൽക്കുകയും ചെയ്തു. ഇക്കാലത്ത് നടന്ന ചെറുത്തുനിൽപ്പുകളുടെ ചരിത്രം പുസ്തകത്തിലുണ്ട്.



ചൈന കൂമിൻതാംഗ് കക്ഷികളുടെ ഭരണത്തിലായിരുന്നപ്പോൾ 1931-ലും 1944-ലും കിഴക്കൻ തുർക്കിസ്താനിൽ നടന്ന വിപ്ലവ ശ്രമങ്ങളും ഇതിൽ വായിക്കാം. പ്രശ്നത്തോടുള്ള അമേരിക്ക ഉൾപ്പെടെയുള്ള വൻശക്തികളുടെ നിലപാടും മുസ്‌ലിംലോകത്തിന്റെ നിസ്സംഗതയും ചർച്ച ചെയ്യപ്പെടുന്നു. തുർക്കിസ്താനിൽ നടക്കുന്നത് രണ്ട് സംസ്കാരങ്ങൾ തമ്മിലുള്ള സംഘട്ടനമാണെന്നാണ് ഈജിപ്ഷ്യൻ ഗ്രന്ഥകാരനായ ഇസ്സുദ്ദീനിൽ വർദാനി സമർഥിക്കുന്നത്. കയ്റോയിലെ മർകസുൽ ഹളാറതിൽ അറബിയ്യ ആണ് പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്. ■

---

# ഉള്ളുലക്കുന്ന കഥയുമായി സുവൈലി ഈസ

**അവരുടെ** നവദാമ്പത്യം സന്തോഷത്തിന്റെ ദിനരാത്രങ്ങളിലൂടെ കടന്നുപോകവെ ഇടിത്തീ പോലെയാണത് സംഭവിച്ചത്. ഇസ്രയേൽ അധിനിവേശ സൈന്യം ഭർത്താവിനെ ജീവപര്യന്തത്തിന് ശിക്ഷിച്ചു. ജയിൽനിന്ന് പുറത്തിറങ്ങാൻ കഴിയുമെന്നതിന് യാതൊരു ഉറപ്പുമില്ല. എന്നിട്ടും ഭാര്യ കാത്തിരിക്കുകയാണ്. പുതിയൊരു വിവാഹത്തിന് വീട്ടുകാർ അവളെ നിർബന്ധിക്കുന്നുണ്ട്. മൂന്ന് ജീവപര്യന്തത്തിന് ശിക്ഷിക്കപ്പെട്ടയാൾ മടങ്ങിവന്നാൽ തന്നെ അപ്പോഴേക്ക് പടുവൃദ്ധനായിട്ടുണ്ടാവില്ലേ? കുറഞ്ഞ ദിവസത്തെ ദാമ്പത്യത്തിനിടയിൽ അവർ കൈമാറിയ സ്നേഹത്തിന്റെയും പരസ്പര വിശ്വാസത്തിന്റെയും ബലത്തിൽ അവൾ പതിനഞ്ചു കൊല്ലം തള്ളിനീക്കി. സ്ത്രീയല്ലേ? കുഞ്ഞിക്കാൽ കാണാൻ അവൾക്ക് അടങ്ങാത്ത ആഗ്രഹമുണ്ടാവില്ലേ? തന്റെ ആഗ്രഹ സഫലീകരണത്തിന് അവൾ ഒരു പോംവഴി കണ്ടെത്തുന്നു. എങ്ങനെയെങ്കിലും ഭർത്താവിന്റെ ബീജം ഒളിച്ചു കടത്താൻ ആളെ ഏർപ്പാടാക്കുക! അങ്ങനെ കൃത്രിമ ബീജസങ്കലനത്തിലൂടെ ഒരു കുഞ്ഞിന്റെ അമ്മയാവുക. സമൂഹമുണ്ടോ ഇത് സമ്മതിക്കുന്നു! നൈതികവും മതപരവുമായ ഒരായിരം ചോദ്യങ്ങളാൽ സമൂഹം അവളെ കെട്ടിവരിയുന്നു. ബീജം ഒളിച്ചു കടത്തിയാൽ തന്നെ അത് ഭർത്താവിന്റേത് തന്നെ എന്നതിന് എന്താണൊരുറപ്പ് എന്നിത്യാതി ചോദ്യങ്ങൾ.



■ സുവൈലി ഈസ

പ്രശസ്ത ഫലസ്ത്വീനി സംവിധായകൻ സുവൈലി ഈസ സംവിധാനം ചെയ്ത *ഇൻതിസാഅ്* (പിടിച്ചുവാങ്ങൽ) എന്ന സിനിമയുടെ പ്രമേയമാണിത്. "അവകാശങ്ങൾ സമ്മാനിക്കപ്പെടുകയില്ല. അവ പിടിച്ചുവാങ്ങേണ്ടിവരും. ഇതാണ് ഈ പേരിട്ടതിലൂടെ ഞാൻ ധ്വനിപ്പിക്കാൻ ഉദ്ദേശിക്കുന്നത്." ഒരു സംഭവകഥയെ അടിസ്ഥാനപ്പെടുത്തിയാണ് താൻ തിരക്കഥ തയാറാക്കിയതെന്ന് അദ്ദേഹം പറയുന്നു. ഇത്തരമൊരു സാഹസത്തിന് തയാറാവുന്ന, ഭർത്താവ് ജയിലിലായ നിരവധി യുവതികളെ തനിക്ക് കാണാൻ കഴിഞ്ഞുവെന്നും അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. ഏതായാലും ഇസ്രയേലീ ജയിലുകളിൽ വർഷങ്ങളോളം നീതിനിഷേധിക്കപ്പെട്ട് നരകയാതന അനുഭവിക്കുന്ന ഫലസ്ത്വീനീ യുവാക്കളുടെയും അവരെ കാത്ത് ജീവിതം ഹോമിച്ച് കളയേണ്ടിവരുന്ന അവരുടെ ഭാര്യമാരുടെയും ദുരന്തകഥ ലോകമനസ്സാക്ഷിയെ പിടിച്ചുലക്കുമെന്ന് സുവൈലി ഈസ പ്രതീക്ഷിക്കുന്നു. ■